**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1381** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>പെരുമ്പാവൂരിന്റെ ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മനോജ് മൂത്തേടൻ ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** പെരുമ്പാവൂരിലെ ആയിരക്കണക്കിന് വിനോദസഞ്ചാരികൾ വന്നു പോകുന്ന പാണംകുഴി വിനോദസഞ്ചാര കേന്ദ്രം, പാണിയേലി പോര്, കല്ലിൽ ഗുഹാക്ഷേത്രം, നഗര മധ്യത്തിൽ 100 ഏക്കറിൽ അധികം വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന ഇരിങ്ങോൾ കാവ്, ക്രൈസ്തവ തീർത്ഥാടന കേന്ദ്രമായ മലയാറ്റൂർ, പ്രകൃതി രമണീയമായ ഒക്കൽ തുരുത്ത്, ശ്രീ ശങ്കരാചാര്യരുടെ ജന്മസ്ഥലമായ കാലടി, 9 ആനകളെ പരിശീലനം നടത്തുന്നതിന് സൗകര്യമുള്ള കോടനാട് അഭയാരണ്യം, പെരിയാറിന്റെ തീരത്തുള്ള സ്ഥലങ്ങൾ എന്നീ പ്രകൃതിദത്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളെ കൂട്ടി ബന്ധിപ്പിച്ചുകൊണ്ട് ഒരു സമഗ്ര ടൂറിസ്റ്റ് കോറിഡോർ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ;

**<u>മറുപടി:</u>** പാണംകുഴി വിനോദസഞ്ചാര കേന്ദ്രം, പാണിയേലി പോര് കോടനാട് അഭയാരണ്യം എന്നീ പ്രദേശങ്ങൾ വനം വകുപ്പിന്റെ അധീനതയിലും കല്ലിൽ ഗുഹാക്ഷേത്രം പുരാവസ്തു വകുപ്പിന്റെ അധീനതയിലുമാണ് ഉൾപ്പെടുന്നത്. മറ്റ് പ്രദേശങ്ങളുമായി കൂട്ടി ബന്ധിപ്പിച്ച കൊണ്ട് ഒരു സമഗ്ര ടൂറിസ്റ്റ് കോറിഡോർ പദ്ധതി, ടൂറിസം സാധ്യത, സ്ഥലത്തിന്റെ NOC തുടങ്ങിയവയ്ക്ക് അനുസൃതമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**(ബി)** ടൂറിസം രംഗത്ത് ഏറെ സാധ്യതകൾ ഉള്ള പെരുമ്പാവൂരിന്റെ മൊത്തത്തിലുള്ള വികസനത്തിന് ആക്കം കൂട്ടുന്നതിനും സർക്കാരിന് അധിക വരുമാന മാർഗ്ഗമാകുന്നതിനും ഉതകുന്ന പ്രസ്തുത പദ്ധതിയുടെ സാധ്യതാ പഠനം നടത്താനും പ്രൊപ്പോസൽ തയ്യാറാക്കാനും നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**